// മഹാത്മാ ഗാന്ധി സർവ്വകലാശാല
പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം
*പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം-* 686560
***ഫോൺ:*** 0481-2733370

## വാർത്താക്കുറിപ്പ്

**2025 ജൂൺ 24**

---

## മേജർ സ്വിച്ചിംഗ്; റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചു

*അഫിലിയേറ്റഡ് കോളജുകളിലെ ഓണേഴ്സ് ബിരുദ പ്രോഗ്രാമുകളുടെ(എംജിയു യുജിപി) മേജർ സ്വിച്ചിംഗിന്റെയും കോളജ് മാറ്റത്തിന്റെയും റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചു. ലിസ്റ്റിൽ ഉൾപ്പെട്ടവർ ജൂൺ 26ന് മുൻപ് ഓൺലൈനിൽ ലോഗിൻ ചെയ്ത് സ്വിച്ചിംഗും കോളജ് മാറ്റവും ഉറപ്പാക്കണം.*

*മാനേജ്മെന്റ് ക്വാട്ട റാങ്ക് ലിസ്റ്റ് ജൂൺ 27ന് പ്രസിദ്ധീകരിക്കും. സ്വിച്ചിംഗ് 28ന് നടത്താം. വിശദ വിവരങ്ങൾ വെബ് സൈറ്റിൽ* (https://edp.mgu.ac.in/)

*(പി.ആർ.ഒ/39/1731/2025)*

## സ്പോട്ട് അഡ്മിഷൻ

*എം.ജി സർവകലാശാലയിലെ സ്കൂൾ ഓഫ് നാനോസയൻസ് ആന്റ് നാനോടെക്നോളജിയിൽ കണ്ണൂർ സർവകലാശാലയുമായി ചേർന്നുള്ള എംഎസ്സി ഫിസിക്സ് നാനോസയൻസ് ആന്റ് നാനോടെക്നോളജി ജോയിന്റ് മാസ്റ്റേഴ്സ് പ്രോഗ്രാമിൽ ഒൻപതും(ജനറൽ മെറിറ്റ്-4, ഈഴവ, മുസ്ലിം, ഇഡബ്ല്യുഎസ്, എൽ.സി, എസ്.സി-ഒന്നുവിതം)എംഎസ്സി കെമിസ്ട്രി നാനോസയൻസ് ആന്റ് നാനോടെക്നോളജി പ്രോഗ്രാമിൽ പത്തും(ജനറൽ മെറിറ്റ്-5,ഈഴവ, മുസ്ലിം,ഇഡബ്ല്യുഎസ്, എൽ.സി, എസ്.സി-ഒന്നുവീതം)ഒഴിവുകളുണ്ട്.*

*അർഹരായവർ ജൂൺ 26ന് ഉച്ചയ്ക്ക് 12ന് അസ്സൽ രേഖകളുമായി വകുപ്പ് ഓഫീസിൽ എത്തണം. വിശദ വിവരങ്ങൾ വെബ്സൈറ്റിൽ (*https://nsnst.mgu.ac.in*)*

*ഫോൺ -9495392750,9447709276,8281915276*

*(പി.ആർ.ഒ/39/1732/2025)*

## ഡിജിറ്റൽ ലാൻഡ് സർവേ കോഴ്സ്

*മഹാത്മാ ഗാന്ധി സർവകലാശാലയിലെ ഡോ. ആർ. സതീഷ് സെന്റർ ഫോർ റിമോട്ട് സെൻസിംഗ് ആന്റ് ജി.ഐ.എസ് നടത്തുന്ന ഡിജിറ്റൽ ലാൻഡ് സർവേയിംഗ് ആൻഡ് ഡ്രാഫ്റ്റിംഗ് കോഴ്സിന്റെ പുതിയ ബാച്ചിലേക്ക് ഇപ്പോൾ അപേക്ഷിക്കാം.*

*സിവിൽ എൻജിനീയറിംഗ്, ലാൻഡ് സർവേയിംഗ് മേഖലകൾക്കാവശ്യമായ വിശദമായ മാപ്പുകൾ, പ്ലാനുകൾ, ഡ്രോയിംഗുകൾ തുടങ്ങിയവ ടോട്ടൽ സ്റ്റേഷൻ, ജിപിഎസ്, ഓട്ടോലെവൽ, ഓട്ടോകാഡ് ഡ്രാഫ്റ്റിംഗ് എന്നിവയുടെ സഹായത്തോടെ തയ്യാറാക്കുന്നതിനുള്ള മൂന്നു മാസത്തെ പരിശീലനമാണിത്.*

*ജൂലൈ 10 വരെ അപേക്ഷകൾ സ്വീകരിക്കും. കൂടുതൽ വിവരങ്ങൾ വെബ് സൈറ്റിൽ (https://ses.mgu.ac.in) ഫോൺ-8848343200, 8590282951, 9446767451, 6282023170.*

*(പി.ആർ.ഒ/39/1733/2025)*

## റഗുലർ ഫുൾ ടൈം ഹ്രസ്വകാല പ്രോഗ്രാം

*മഹാത്മാ ഗാന്ധി സർവകലാശാലയിലെ ഡയറക്ടറേറ്റ് ഫോർ അപ്ലൈഡ് ഷോർട്ട് ടേം പ്രോഗ്രാംസ്(ഡാസ്പ്) നടത്തുന്ന റഗുലർ ഫുൾ ടൈം ഹ്രസ്വകാല പ്രോഗ്രാമുകളായ ഡിപ്ലോമ ഇൻ ലോജിസ്റ്റിക്സ്-സപ്ലൈ ചെയിൻ ആന്റ് പോർട്ട് മാനേജ്മെന്റ്, ഡിപ്ലോമ ഇൻ ബേക്കറി ആന്റ് കൺഫെക്ഷണറി (യോഗ്യത-പ്ലസ്ടു) പിജി ഡിപ്ലോമ ഇൻ ഡാറ്റാ ആന്റ് ബിസിനസ് അനലിറ്റിക്സ് (യോഗ്യത-ഡിഗ്രി) എന്നിവയിൽ ഒഴിവുള്ള സീറ്റുകളിലേക്ക് ജൂൺ 29 വരെ അപേക്ഷിക്കാം. വിശദ വിവരങ്ങൾ* www.dasp.mgu.ac.in *എന്ന വെബ്സൈറ്റിൽ. ഇമെയിൽ:* dasp@mgu.ac.in *ഫോൺ-8078786798, 0481 2733292*

*(പി.ആർ.ഒ/39/1734/2025)*

## പരീക്ഷാ കേന്ദ്രം അനുവദിച്ചു

*ജൂൺ 30ന് ആരംഭിക്കുന്ന അഫിലിയേറ്റഡ് കോളജുകളിലെ (എം.എഡ് പ്രോഗ്രാം ഡിസംബർ 2024) അവസാന മെഴ്സി ചാൻസ് പരീക്ഷകൾക്ക് കേന്ദ്രങ്ങൾ അനുവദിച്ച ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചു. വിദ്യാർഥികൾക്ക് അനുവദി ക്കപ്പെട്ട കേന്ദ്രങ്ങളിൽനിന്ന് ഹാൾ ടിക്കറ്റുകൾ വാങ്ങാം.*

*(പി.ആർ.ഒ/39/1735/2025)*

## വൈവ വോസി

*നാലാം സെമസ്റ്റർ എംഎ ഹിന്ദി (സിഎസ്എസ്-2023 അഡ്മിഷൻ റഗുലർ, 2019 മുതൽ 2022 വരെ അഡ്മിഷനുകൾ റീ അപ്പിയറൻസ് ഏപ്രിൽ 2025) പരീക്ഷയുടെ പ്രൊജക്ട്, വൈവ വോസി പരീക്ഷകൾ ജൂലൈ ഏഴിനു നടക്കും. വിശദ വിവരങ്ങൾ സർവകലാശാലാ വെബ് സൈറ്റിൽ.*

*(പി.ആർ.ഒ/39/1736/2025)*

## പ്രാക്ടിക്കൽ

*നാലാം സെമസ്റ്റർ എംഎസ്സി ഫുഡ് ആന്റ് ഇൻഡസ്ട്രിയൽ മൈക്രോ ബയോളജി (സിഎസ്എസ്-2023 അഡ്മിഷൻ റഗുലർ, 2019 മുതൽ 2022 വരെ അഡ്മിഷനുകൾ റീ അപ്പിയറൻസ് ഏപ്രിൽ 2025) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ജൂലൈ എട്ടു മുതൽ നടക്കും. വിശദ വിവരങ്ങൾ സർവകലാശാലാ വെബ് സൈറ്റിൽ.*

..................

*നാലാം സെമസ്റ്റർ ബിവോക്ക് ലോജിസ്റ്റിക് മാനേജ്മെന്റ് (2023 അഡ്മിഷൻ റഗുലർ, 2022 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2018 മുതൽ 2022 വരെ അഡ്മിഷനുകൾ റീ അപ്പിയറൻസ് ഫെബ്രുവരി 2025) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ജൂൺ 27ന് നടക്കും. വിശദ വിവരങ്ങൾ സർവകലാശാലാ വെബ് സൈറ്റിൽ.*

*(പി.ആർ.ഒ/39/1737/2025)*

## പരീക്ഷയ്ക്ക് അപേക്ഷിക്കാം

*മോഡൽ 2 ബിഎ,ബിഎസ്സി, ബികോം വാർഷിക സ്കീം (1998-2008 അഡ്മിഷൻ റഗുലർ) അവസാന മെഴ്സി ചാൻസ് പരീക്ഷകൾക്ക് ജൂലൈ 21 വരെ അപേക്ഷിക്കാം. ഫൈനോടുകൂടി ജൂലൈ 23 വരെയും സൂപ്പർ ഫൈനോടുകൂടി ജൂലൈ 25 വരെയും അപേക്ഷ സ്വീകരിക്കും.*

*(പി.ആർ.ഒ/39/1738/2025)*

പബ്ലിക് റിലേഷൻസ് ഓഫീസർ